**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3621** **05-08-2021 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലാവ് പദ്ധതി പ്രകാരം എത്ര തെരുവുവിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED വിളക്കുകൾ സ്ഥാപിച്ചു നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം വിളക്കുകൾ 2021 ജൂൺ 30-ഓടെ സ്ഥാപിച്ചു കഴിഞ്ഞു. |
| (ബി) | നിലാവ് പദ്ധതി നടപ്പാക്കിയതിനുശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം, നിലാവ് പദ്ധതിയിൽ കേരളത്തിലുട നീളം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ള LED വിളക്കുകൾ സ്ഥാപിച്ചു നൽകുന്നതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുമെന്നും വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്നുമാണ കണക്കാക്കിയിട്ടുള്ളത്. |
| (സി) | ഏതൊക്കെ ഏജൻസികൾക്കാണ് ഇത് സംബന്ധിച്ച ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതി നടപ്പാക്കിയതിന് ശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറഞ്ഞു എന്ന് കണക്കാക്കേണ്ടത് നിലാവ് പദ്ധതിയുടെ ഭാഗമല്ല. ആയതിനാൽ വിവരം ലഭ്യമല്ല. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ തെരുവുവിളക്കുകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് അനുമതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന തെരുവുവിളക്കുകൾ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്നില്ല. |
| (ഇ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എത്ര | (ഇ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിലാവ് |

| | | | |
|---|---|---|---|
| | തെരുവുവിളക്കുകൾ ഇത്തരത്തിൽ എൽ.ഇ.ഡി.യിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ? | | പദ്ധതിയിൽ ഉൾപ്പെടുത്തി 743 തെരുവു വിളക്കുകൾ എൽ.ഇ.ഡി യിലേക്ക് മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ